ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളം.

*621. [18] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദവൈദ്യശാലകളിലെ വൈദ്യന്മാരുടെ ശമ്പളത്തോതെന്താണ്;

(ബി) സർക്കാർ വൈദ്യശാലകളിൽ ക്ലാർക്കന്മാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവരുടെ ശമ്പളം എന്താണ് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ടൈംസ്കെയിലനുസരിച്ച് 35–80 രൂപയാകുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതിലേയ്ക്ക് എത്ര കൊല്ലം മുമ്പാണ് അവർ ഗവണ്മെന്റിനെ സമീപിച്ചത് ?

ശ്രീ. എ. എ. റഹിം : എത്ര കൊല്ലം മുമ്പാണ് എന്ന് ഇപ്പോൾ ഓർക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ശമ്പളം കൂടുവാണെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : അതേപ്പറ്റിയുള്ള തീരുമാനം ഒന്നും എടുത്തിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർക്കാർ ആയുർവ്വേദവൈദ്യശാലകളിൽ ക്ലാർക്കന്മാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉദ്ദേശിക്കുന്നില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വൈദ്യശാലകളിൽ രോഗികളുടെ ഭാരമുള്ളതായി വരുന്നതുകൊണ്ട് ക്ലാർക്കുകളുടെ ജോലി ചെയ്യാൻ സൗകര്യമില്ലെന്നും വൈദ്യശാലകൾ ഉള്ളതായി ഗവണ്മെന്റിനറിവുണ്ടോ ?

ശ്രീ. എ. എ. റഹിം : അങ്ങനെയുള്ളതായി ഗവണ്മെന്റിന് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഇ. എസ്സ്. എ. സി. പാസ്സായ രണ്ടു ക്ലാർക്കിനു ലഭിക്കുന്ന ശമ്പളത്തേക്കാൾ കുറവാണോ ഈ വൈദ്യന്മാർക്ക് ലഭിക്കുന്നതെന്നറിയാമോ ?

ശ്രീ. എ. എ. റഹീം : അതിൽ കുറയാതെ കിട്ടേണ്ടതാണെന്നാണെന്റെ അഭിപ്രായം.

ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. എ. റഹീം : അതുസംബന്ധിച്ചുള്ള തീരുമാനം ഗവണ്മെന്റ് എടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അതുസംബന്ധിച്ചു നടപടി എന്ന് എടുക്കുമെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : എന്നെടുക്കുമെന്ന് കൃത്യമായി പറയാൻ നിവൃത്തിയില്ല.

Police Atrocities.

* 622. [19] SHRI P. V. AVIRA THARAKAN : Will the Home Minister be pleased to state :

(a) the number of petitions received in the months of April and May 1955 against the police atrocities;

(b) how many persons died in the lock-up in 1954-55 (up to July 30th);

(c) the reason for the death of one Pappoo of Angamali;

(d) have the Government made any enquiry other than police enquiry;

(e) had he given a statement before a Magistrate before his death;

(f) how long he was unconscious; and

(g) how many injuries had he on his body ?

MR. SPEAKER : Question No 19 has been answered.

SHRI P. V. AVIRA THARAKAN : I want answers to sub-divisions (d), (e) and (f) of that question.

Home Minister (SHRI A. J. JOHN) :

(d) Government have ordered the Additional District Magistrate, Trichur, to conduct an enquiry into the death of Pappoo of Angamali and the enquiry has not been completed.

LIBRARY ARCHIVES Kerala Legislative Assembly